"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആർ.സി/262/2022/ത.സ്വ.ഭ.വ.
തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-01-2025

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ - അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ - നീക്കം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 1) WP(C) 1671/2021 നമ്പർ ഹർജിയിന്മേൽ 02.12.2021തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

2) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.03.2022 ൽ കൂടിയ സർവ്വകക്ഷിയോഗതീരുമാനം.

3) WP(C) 22750/2018, WP(C) 25784/2018, WP(C) 42574/2018 & WP(C)/7642/2021 എന്നീ റിട്ട് ഹർജികളിന്മേൽ 22.03.2022 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

4) WP(C) 1671/2021 നമ്പർ ഹർജിയിന്മേൽ 22.06.2022 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

5) 06.05.2022, 05.07.2022 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

7) 02.08.2022 തീയതിയിലെ RC2/315/2022- LSGD നമ്പർ സർക്കുലർ.

8) WP(C) 22750/2018 കേസിലെ ബഹു. ഹൈക്കോടതിയുടെ 19.10.2022 ലെ ഇടക്കാല ഉത്തരവ്.

9) സ.ഉ (സാധാ) നം. 3075/2022/തസ്വഭവ തീയതി: 12.12.2022.

10) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.2022 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് .

11) സ.ഉ (സാധാ) നം. 1173/2023/തസ്വഭവ തീയതി : 06.06.2023.

12) WP(C)22750/2018 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 08.06.2023 തീയതിയിലെ ഉത്തരവ്.

13) 19.06.2023 ലെ ഇതേ നമ്പർ സർക്കുലർ.

14) WP(C)22750/2018 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 09.10.2024 തീയതിയിലെ ഉത്തരവ്.

15) സ.ഉ (സാധാ)1946/2024 / ത.സ്വ.ഭ.വ തീയതി 16.10.2024

16) WP(C)22750/2018 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ1 6.10.2024 തീയതിയിലെ ഉത്തരവ്.

17 ) ഈ വകുപ്പിലെ 22.10.2024 തീയതിയിലെ ഇതേ നമ്പർ കത്ത്

18) WP(C) 22750/2018 നമ്പർ കേസും അനുബന്ധകേസുകളും പരിഗണിച്ചുകൊണ്ട് ബഹു. കോടതി പുറപ്പെടുവിച്ച 04/12/2024 ലെ ഉത്തരവ്

19) 10.12.2024 ലെ ഇതേ നമ്പർ സർക്കുലർ.

20) 11.12.2024 ന് ബഹു. ഹൈക്കോടതി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ ഹിയറിംഗ് (ഓൺലൈൻ)

21) 12.12.2024 ലെ ഇതേ നമ്പർ സർക്കുലർ.

22) 18.12.2024 ന് ബഹു. ഹൈക്കോടതി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ ഹിയറിംഗ് (ഓൺലൈൻ)

23) WP(C) 22750/2018 നമ്പർ കേസും അനുബന്ധകേസുകളും പരിഗണിച്ചുകൊണ്ട് ബഹു. കോടതി പുറപ്പെടുവിച്ച 18/12/2024 ലെ ഉത്തരവ്

**********************

സംസ്ഥാനത്തെ പാതയോരങ്ങളിലും കാൽനടയാത്രക്കാർ ഗതാഗതത്തിനുപയോഗിക്കുന്ന ഫുട്ട്പാത്ത് ഏര്യാ, ഹാൻഡ് റെയിലുകൾ എന്നിവിടങ്ങളിലും റോഡുകളുടെ സെന്റർ മീഡിയൻ, ട്രാഫിക് ഐലന്റ് എന്നിവിടങ്ങളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങൾ, തോരണങ്ങൾ, കൊടിക്കൂറകൾ, ഫ്ലക്സുകൾ, പരസ്യ ബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് സൂചന (3), (4) - ലെ ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം സർക്കാർ സൂചന (5) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

സൂചന (6) ലെ ബഹു. ഹൈക്കോടതി നിർദ്ദേശ പ്രകാരം 2007 ലെ കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്ട് സെക്ഷൻ 14 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സൂചന (7) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

സൂചന (8) ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാതയോരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ പ്രാദേശിക കമ്മിറ്റികളും അവ യഥാക്രമം നടപ്പിലാക്കുന്നുണ്ട് എന്ന് നിരീക്ഷിക്കുന്നതിനായി ജില്ലാ തല മോണിട്ടറിംഗ് കമ്മിറ്റികളും രൂപീകരിച്ചുകൊണ്ട് സൂചന (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ അനധികൃത കൊടിതോരണങ്ങളും ഫ്ലക്സ് ബോർഡുകളും നീക്കം ചെയ്യുന്നതിന് NHAI, തദ്ദേശ സ്വയംഭരണ, റവന്യൂ പൊതുമരാമത്ത് എന്നി വകുപ്പുകളുമായി ബന്ധപ്പെട്ട് വരുന്ന ചട്ടങ്ങളിൽ പ്രസ്തുത വകുപ്പുകൾ തന്നെ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്ന നിർദ്ദേശം നൽകി സൂചന (11) പ്രകാരം ഉത്തരവായിരുന്നു.

സൂചന (12) ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാതയോരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ എന്നിവ Holding ഏരിയയിലേക്ക് നീക്കം ചെയ്യുന്നതിനും അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് അവശ്യമായ ചെലവുകൾ ഈടാക്കുന്നത് സംബന്ധിച്ചുമുള്ള മാർഗ നിർദേശങ്ങൾ സൂചന (13) പ്രകാരമുള്ള സർക്കുലർ മുഖേന

പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് മേൽ ദൗത്യത്തിനായി എല്ലാ ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കണമെന്ന് സൂചന (14) പ്രകാരം നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സൂചന (15) ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ച് ഉത്തരവായിരുന്നു.

ശേഷം സൂചന (16) ലെ ബഹു കോടതിയുടെ ഉത്തരവ് പ്രകാരം എല്ലാ നോഡൽ ഓഫീസർമാരുടെയും വിവരങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ എല്ലാ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും പ്രസിദ്ധപ്പെടുത്തണമെന്നു നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (17) കത്ത് പ്രകാരം എല്ലാ നോഡൽ ഓഫീസർമാരുടെയും ബന്ധപ്പെടേണ്ട ടെലിഫോൺ നമ്പർ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ എല്ലാ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും പ്രസിദ്ധപ്പെടുത്തുന്നതിനു തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

സൂചന (18) ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള എല്ലാ ഫ്ലക്സ് ബോർഡുകളും ബാനറുകളും കൊടിതോരണങ്ങളും നീക്കം ചെയ്യുന്നതിന് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് ആവശ്യമുള്ള സഹായങ്ങൾ ചെയ്യുന്നതിന് സംസ്ഥാന ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശങ്ങൾ നൽകികൊണ്ട് സൂചന (19) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം 11.12.2024. ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുമായി ഓൺലൈൻ മുഖാന്തിരം നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ സൂചന (21) പ്രകാരം അധിക നിർദേശങ്ങൾ നൽകി സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

മേൽ മാർഗ്ഗ നിർദേശങ്ങൾ വിലയിരുത്തിയ ബഹു: ഹൈക്കോടതി സൂചന (22) പ്രകാരം നടത്തിയ മീറ്റിംഗിൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ സ്വീകരിക്കുകയും അതിനെ വിലയിരുത്തുകയും ചെയ്തു. തുടർന്ന് സൂചന (23) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ കാണുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സംസ്ഥാനത്തെ അനധികൃത കൊടി തോരണങ്ങളും ഫ്ലക്സ് ബോർഡുകളും കമാനങ്ങളും നീക്കം ചെയ്യുന്നതിന് സർക്കാർ സൂചനകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെ നിർദേശങ്ങൾ തുടരേണ്ടതാണ്.

2) വിവിധ രാഷ്ട്രീയ പാർട്ടികൾ/സിനിമ ഏജൻസികൾ/മതപരമായ സ്ഥാപനങ്ങൾ എന്നിവ നിയമവിരുദ്ധമായി സ്ഥാപിക്കുന്ന കൊടി തോരണങ്ങളും ബോർഡുകളും കമാനങ്ങളും നീക്കം ചെയ്യുന്ന ഇനങ്ങൾ ഓരോന്നും തരംതിരിച്ച് വിശദാംശങ്ങളും ഈടാക്കുന്ന പിഴയും സംബന്ധിച്ച് സംയോജിതവും സമഗ്രവുമായ റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

3) നിയമവിരുദ്ധമായി സ്ഥാപിച്ചവയ്ക്ക് ഈടാക്കേണ്ട പിഴ നീക്കം ചെയ്യപ്പെടുന്ന ഓരോ

വസ്തുവിനും ഇനത്തിനുമാണ്, അല്ലാതെ ഓരോ event നും അല്ല. അല്ലാത്തപക്ഷം ബഹു കോടതി നിർദേശ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറിമാരിൽ നിന്നും ഈ പിഴത്തുക ഈടാക്കുന്നതാണ്.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖേന)
ഓഫിസർ ഓൺ സ്പെഷ്യൽ , ഠ/ഠ ചിഫ് സെക്രട്ടറി, കേരള
ആഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ഗതാഗത വകുപ്പ്
റവന്യൂ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സംസ്ഥാന പോലീസ് മേധാവി
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി/ റൂറൽ ) (സംസ്ഥാന പോലീസ് മേധാവി മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
കമ്മീഷണർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്,
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.സി/262/2022/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Viraj K
Date: 07-01-2025 20:20:39